"ഭരണഭാഷ – മാതൃഭാഷ"

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം. എഡി.സി6/49250/ഹ.സെ.വി./2013** **തീയതി : 03.04.2014**

# സർക്കുലർ

വിഷയം : ഹ.സെ.വി.– ജീവനക്കാര്യം– തസ്തികമാറ്റ നിയമനം സംബന്ധിച്ച്.

സൂചന :
1. ജി.ഒ.(പി) നം. 144/2001/പൊ.വി.വ. തീയതി 16.04.2001.
2. ഈ ഓഫീസിലെ 13.03.2012 തീയതിയിലെ എഡി.ബി2/2702/എച്ച്.എസ്.ഇ./2008 നം. സർക്കുലർ.
3. ഈ ഓഫീസിലെ 10.06.2013 തീയതിയിലെ ഉത്തരവ് നം. എഡി.ബി2/2702/എച്ച്.എസ്.ഇ/2008
4. ജി.ഒ. (ആർ.റ്റി) നം. 1233/2014/പൊ.വി.വ തീയതി 07.03.2014

സൂചന (2) പ്രകാരമുള്ള ഈ ഓഫീസിലെ സർക്കുലർ പ്രകാരം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ വിവിധ വിഷയങ്ങളിൽ 01.08.2008 മുതൽ 30.11.2011 വരെ ഉണ്ടായ എച്ച്.എസ്.എസ്.റ്റി / എച്ച്.എസ്.എസ്.റ്റി ജൂനിയർ ഒഴിവുകളിലേയ്ക്ക് 25% തസ്തിക മാറ്റ നിയമനം നടത്തുന്നതിലേയ്ക്കായി യോഗ്യരായ HSA/UPSA/LPSA അദ്ധ്യാപകരിൽ നിന്നും ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിച്ചിരുന്നു. ഓൺലൈൻ മുഖാന്തിരം ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അന്തിമ സീനിയോറിറ്റി ലിസ്റ്റ് സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

എന്നാൽ തസ്തിക മാറ്റ നിയമനത്തിനുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്ന അവസരത്തിൽ Date of Publication of result, Date of the meeting of the pass board ഇവ കൂടി കണക്കിലെടുത്തുവേണം സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതെന്ന് സൂചന (4) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സൂചന (3) പ്രകാരം ഈ ഓഫീസിൽ നിന്നും പ്രസിദ്ധീകരിച്ച അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 2008 നു ശേഷം വിദ്യാഭ്യാസ യോഗ്യത കൈവരിച്ചിട്ടുള്ള എല്ലാ അദ്ധ്യാപകരും Date of Publication of result, Date of the meeting of the pass board ഇവ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളിൽ നിന്നും 2014 ഏപ്രിൽ മാസം 8-ാം തീയതിയ്ക്കു മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. മേൽ പറഞ്ഞ രേഖകൾ സമയപരിധിക്കുള്ളിൽ ഹാജരാക്കാത്ത അദ്ധ്യാപകരെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നീക്കം ചെയ്യുന്നതും പ്രൊമോഷന് യാതൊരു കാരണവശാലും പരിഗണിക്കുന്നതുമല്ല എന്നറിയിക്കുന്നു.

**ഒപ്പ്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**ഡയറക്ടർക്കുവേണ്ടി**

പകർപ്പ്:

1. ബന്ധപ്പെട്ട അദ്ധ്യാപകർ
2. പൊതു വിദ്യാഭ്യാസ വകുപ്പു ഡയറക്ടർ (D.P.I. യുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
3. ഫയൽ കോപ്പി